LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഭക്ഷ്യസാമ്പിളുകൾ പരിശോധിക്കുന്നതിനായി അനലറ്റിക്കൽ ലാബുകൾ സ്ഥാപിക്കുന്നത് വമ്പിച്ച സാമ്പത്തിക ചെലവുണ്ടാക്കുന്ന വിഷയമാണ്. ആയതു കൊണ്ടുതന്നെ എല്ലാ ജില്ലകളിലും അനലറ്റിക്കൽ ലാബുകൾ സ്ഥാപിക്കുകയെന്നുള്ളത് നിലവിലെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ പ്രായോഗികമല്ല. അത്തരമൊരു സാഹചര്യംകൂടി കണക്കിലെടുത്ത് സർക്കാർ ഉടമസ്ഥതയിലും പൊതുമേഖലയിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതാനും അനലറ്റിക്കൽ ലാബുകളെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി 29-6-2015-ലെ ജി.ഒ.(ആർടി.)നമ്പർ2013/2015 എന്ന ഉത്തരവിലൂടെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ഭക്ഷ്യവസ്തുക്കളിലെ വിഷാംശം പരിശോധിക്കൽ

68 (T4871) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരക കീടനാശിനികൾ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുള്ള അന്യസംസ്ഥാനങ്ങളിലെ കാർഷിക മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; ഇവിടെനിന്നുമുള്ള ഭക്ഷ്യവസ്തുക്കൾ എപ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കേരളത്തിലേക്ക് കൊണ്ടുവരുന്ന മാലിന്യ മുക്തമായ ഭക്ഷ്യവസ്തുക്കളുടെ സ്രോതസ്സും മാർക്കറ്റും വെളിപ്പെടുത്തിയാൽ അവ സത്യസന്ധമായിരിക്കുമോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനമുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) ഗുണനിലവാര പരിശോധനയിൽ യോഗ്യതയില്ലാത്തവയാണെന്ന് കണ്ടെത്തിയാൽ അവ അംഗീകൃത മേഖലകളിലെത്തിച്ച് അവിടെനിന്നും വീണ്ടും സംസ്ഥാനത്തേക്ക് എത്തിക്കുമ്പോൾ ആയത് കണ്ടെത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(ഡി) ചെക്ക് പോസ്റ്റിലെ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ മറികടന്ന് വിഷം കലർന്നതും ഗുണനിലവാരമില്ലാത്തതുമായ പച്ചക്കറികളും ഭക്ഷ്യവസ്തുക്കളും കേരളത്തിലെത്തുന്നത് തടയുവാൻ വിവിധ ഘട്ടങ്ങളിലായി പരിശോധനകൾ ഏർപ്പെടുത്തുമോ ; പരിശോധനകളിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) തമിഴ്നാടിലെ നാഗർകോവിൽ, തിരുനെൽവേലി, ദിൺഡിക്കൽ, കൊടൈക്കനാൽ, നീലഗിരി എന്നിവിടങ്ങളിലെ കാർഷിക മേഖലകൾ സന്ദർശിച്ചതിൽ ടി മേഖലകളിലെല്ലാംതന്നെ മാരക കീടനാശിനികളുടെ ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സ്ഥലങ്ങളിൽനിന്ന് ശേഖരിക്കുന്ന പച്ചക്കറി നേരിട്ട് വിപണികളിലേക്ക് പോകുന്നതായിട്ടാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി&സി) വിപണിയിൽ ലഭ്യമായ എല്ലാ ഭക്ഷ്യവസ്തുക്കളുടേയും സാമ്പിളുകൾ പരിശോധിച്ച് ആയവ മായം ചേർത്തതാണോ അല്ലെങ്കിൽ നിശ്ചിത ഗുണനിലവാരം പുലർത്തുന്നതാണോയോന്ന് പരിശോധിക്കുവാൻ കഴിയുന്നതാണ്.

(ഡി) വിപണിയിൽ ലഭ്യമായ എല്ലാ ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ പരിശോധിച്ച് ആയവ മായം ചേർത്തതാണോ അല്ലെങ്കിൽ നിശ്ചിത ഗുണനിലവാരം പുലർത്തുന്നതാണോയെന്ന് പരിശോധിക്കുവാൻ കഴിയുന്നതാണ്. പരിശോധനകളിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി ഉചിതമായ ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്.

പകർച്ചവ്യാധികൾ നിയന്ത്രിക്കാൻ നടപടി

69 (4872) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലയോര മേഖലയിൽ ചിക്കൻ ഗുനിയ, ഡെങ്കിപ്പനി ഉൾപ്പടെയുള്ള രോഗങ്ങൾ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

മലയോര മേഖലയിൽ പകർച്ചവ്യാധി പ്രതിരോധത്തിനും ചികിത്സയ്ക്കും വേണ്ടി വിവിധ വകുപ്പുകളുടെ സംയോജിത യോഗം ചേർന്ന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും ആദിവാസി മേഖലകളിൽ ടൈബൽ പ്രമോട്ടർമാരും വീടുകൾതോറും കയറി രോഗ പ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. മാർച്ചിൽ ആരോഗ്യ സന്ദേശ യാത്ര, ഏപ്രിൽ മാസം നടത്തിയ "കൊതുകിന്റെ ഉണങ്ങിയതും പ്രധാനവുമായ ഉറവിട നശീകരണ കാമ്പെയിൻ" "പ്ലാന്റേഷൻ കാമ്പെയിൻ, മേയിൽ നടത്തിയ "ക്ലീൻ ആഫീസ്, ക്ലീൻ പബ്ലിക് പ്ലേസ് കാമ്പെയിൻ",

LIBRARY ARCHIVES Kerala Legislative Assembly